# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 193** **02.03.2020-ൽ മറുപടിയ്ക്ക്**

## മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) വരാൻ പോകുന്ന മഴക്കാലത്തെ ആരോഗ്യത്തോടെ അതിജീവിക്കുന്നതിന് ഇപ്പോൾ നടപ്പിലാക്കി വരുന്ന മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | എ) 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി, പ്രവർത്തന കലണ്ടർ പ്രകാരം ആരോഗ്യ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ നേതൃത്വത്തിൽ ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ 2018 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br>മഴക്കാല പൂർവ്വ ശുചീകരണം, രോഗപ്രതിരോധത്തിനും ബോധവത്കരണത്തിനുമുള്ള കാമ്പയിനുകൾ, കൊതുക നശീകരണ പ്രവർത്തനങ്ങൾ, മലമ്പനി, ഡെങ്കിപ്പനി നിവാരണ ദിന / മാസാചരണങ്ങൾ, ജലജന്യരോഗങ്ങൾക്കെതിരെ വാരാചരണം, ഡ്രൈവാരാചരണം തുടങ്ങിയവ നടത്തി വരുന്നുണ്ട്. ഇതു കൂടാതെ രോഗനിരീക്ഷണം, കൊതുക നിരീക്ഷണം, ചികിത്സ മെഡിക്കൽ ക്യാമ്പുകൾ, രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവയും കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. മഴക്കെടുതികൾ ഉണ്ടാകുമ്പോൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ആരോഗ്യ പ്രവർത്തകർ സന്ദർശിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനുള്ള പരിശീലന പരിപാടികളും നടത്തി വരുന്നു. പ്രളയ സമയത്തും, അതിനു ശേഷവും ജനങ്ങളും ആരോഗ്യ-പ്രവർത്തകരും സ്വീകരിക്കേണ്ട |

➡

മുൻകരുതലുകളെപ്പറ്റിയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**ബി)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പൂർത്തിയാക്കേണ്ട മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

**ബി)** പ്രത്യേകിച്ച് പ്രശ്നങ്ങൾ ഒന്നും തന്നെ നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സി)** പകർച്ചവ്യാധികളും മറ്റും തടയുന്നതിന് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

**സി)** സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2019 ഡിസംബർ മാസത്തിൽ തന്നെ പകർച്ചവ്യാധി സ്ഥിതി വിവരങ്ങളുടെ വിലയിരുത്തൽ, ജില്ലാതല യോഗങ്ങൾ, ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളുടെ അവലോകനം, സംസ്ഥാനതല രൂപരേഖ തയ്യാറാക്കി ജില്ലാതല രൂപരേഖ സമാഹരിക്കൽ പ്രവർത്തനങ്ങൾ നടത്തി കഴിഞ്ഞിട്ടുണ്ട്.

ജനുവരി മാസത്തിൽ സംസ്ഥാനതല യോഗവും ജില്ലാതല അവലോകനവും തുടർന്ന് സംസ്ഥാനതല കർമ്മപദ്ധതിയ്ക്ക് അന്തിമ രൂപവും നൽകി. കൂടാതെ പകർച്ചവ്യാധി 'ഹോട്ട്' സ്പോട്ടുകളുടെയും ജല ദൗർലഭ്യ പ്രദേശങ്ങളുടെയും ലിസ്റ്റ്, ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്. ആരോഗ്യജാഗ്രതാ ബോധവത്കരണ പരിശീലന പുസ്തകം തയ്യാറാക്കി കഴിഞ്ഞു. ജനുവരി 15 ന് ആരോഗ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിക്കുകയും ചെയ്തു. ജനുവരി 21 ന് ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ മാധ്യമ പ്രവർത്തക യോഗവും, ജനുവരി 23 -ന് ആരോഗ്യ-ജാഗ്രതാ 2020 ന്റെ സംസ്ഥാനതല യോഗവും ബഹു.മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ജനുവരി 25 ന് ജില്ലാ കളക്ടർമാരുമായി ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വീഡിയോ കോൺഫറൻസ് നടത്തി. ജില്ലാ ചാർജ്ജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്ഘാടനവും

തുടർ പ്രവർത്തനങ്ങളും നടത്തി വരുന്നു.

ജനുവരി/ഫെബ്രുവരി മാസത്തിൽ ആലപ്പുഴ ജില്ലയിൽ മന്തുരോഗ വിര സംക്രമണ സാധ്യത സർവ്വേയുടെ രണ്ടാം ഘട്ടം പൂർത്തിയാക്കി. ഫെബ്രുവരി ആദ്യവാരം പ്ലാന്റേഷൻ- കെട്ടിട നിർമ്മാണ മേഖലയിലെ പ്രശ്ന പരിഹാരത്തിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി.

ഫെബ്രുവരി 25 ന് ദേശീയ വിരവിമുക്തി ദിനാചരണം നടത്തി.

ഫെബ്രുവരി 11, 12 – ജല ദൗർലഭ്യ പ്രദേശങ്ങളിൽ ബോധവത്കരണ ക്യാമ്പയിൻ

ഫെബ്രുവരി - 10, 15 - ജില്ല/നഗര സഭ/ബ്ലോക്ക്-ഗ്രാമ പഞ്ചായത്തിലെ യോഗങ്ങൾ

ഫെബ്രുവരി 17, 22 – വാർഡുതല ആരോഗ്യശുചിത്വ സമിതി, പുന:സംഘടന യോഗം, വാർഡുതല ആരോഗ്യജാഗ്രതാ സമ്മേളനം, ഹെൽത്ത് സ്ക്വാഡ് രൂപീകരണം,

ഫെബ്രുവരി 18 – ഹെൽത്തി കേരള ക്യാമ്പയിൻ (ഭക്ഷ്യ സുരക്ഷാ പരിശോധന)

ഫെബ്രുവരി 24, 28 – ആരോഗ്യജാഗ്രതാ ഗൃഹ സന്ദർശനം, രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം, ശുചിത്വമാപ്പിംഗ് മുതലായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

തുടർന്നു വരുന്ന മാസങ്ങളിൽ നടപ്പിലാക്കുവാനുള്ള ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ നടപ്പിലാക്കുവാനുള്ള നിർദ്ദേശം എല്ലാ ജില്ലകളിലും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ